**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *283** — **07.10.2016 ൽ മറുപടിയ്ക്ക്**

## പച്ചത്തേങ്ങ സംഭരണ വിലയുടെ കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |

(എ) കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിച്ച വകയിൽ ഇതുവരെ കർഷകർക്ക് നൽകാൻ ബാക്കിയുള്ള തുക എത്രയാണ്;

(ബി) പ്രസ്തുത സംഭരണ വില വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈയിനത്തിലുള്ള മുഴുവൻ കുടിശ്ശിക തുകയും ഏത് തീയതിയ്ക്കകം കൊടുത്തു തീർക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ) 7781.00 ലക്ഷം രൂപ .

(ബി) & (സി) സംഭരിച്ച പച്ചത്തേങ്ങ കേരഫെഡ് മുഖേന സംസ്കരണത്തിനും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുമാണ് ഉപയോഗിക്കുന്നത്. എന്നാൽ കമ്പോള വിലയേക്കാൾ ഉയർന്ന നിരക്കിൽ ശേഖരിച്ചതിനാൽ ഇതിനായി കേരഫെഡിനുണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിനും കുടിശ്ശിക അടിയന്തിരമായി കൊടുത്തു തീർക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചു വരുന്നു. കേരഫെഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരാതി ഉണ്ടായതിനെ തുടർന്ന് കൃഷിവകുപ്പിലെ വിജിലൻസ് സെൽ നടത്തിയ അന്വേഷണത്തിൽ നിരവധി ആയ ക്രമക്കേടുകൾ ഉണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോയെകൊണ്ട് അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത നടപടി കുടിശ്ശികവിതരണം ചെയ്യുന്നതിൽ കാല താമസം ഉണ്ടായി. കുടിശ്ശിക തീർത്ത് കൊടുക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ, ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കി കുടിശ്ശിക തീർക്കുന്നതിന്റെ പ്രായോഗികത പരിഗണിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**